**പതിനാലാം കേരളനിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2700** | **17.10.2016-ൽ മറുപടിക്ക്**

**ആന്റി പൈറസി സെല്ലിന്റെ പ്രവർത്തനം**

| **ചോദ്യം**<br>**ശ്രീ.മഞ്ഞളാംകുഴി അലി** | | **മറുപടി**<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | സിനിമാവ്യവസായത്തെ പ്രതിസന്ധിയിലാക്കുന്ന തരത്തിലുള്ള വ്യാജ സിഡി നിർമ്മാണവും പകർപ്പവകാശ ലംഘനങ്ങളും വ്യാപകമാകുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത്തരം പരാതികളിൽ കർശന നടപടി സ്വീകരിക്കുന്ന കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | വ്യാജ സി.ഡി,നിർമ്മാണം, പകർപ്പവകാശ ലംഘനങ്ങൾ എന്നിവയ്ക്കെതിരെ ആന്റി പൈറസി സെൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. വ്യാജ തിയേറ്റർ പ്രിന്റുകൾ പൂർണ്ണമായും ഇല്ലാതാക്കിയും ഇന്റർനെറ്റ് വഴി സിനിമകൾ അപ് ലോഡ് ചെയ്യുന്നവരെ പിടികൂടിയും കേബിൾ ടി.വി. നെറ്റ് വർക്ക് വഴി അനുമതിയില്ലാതെ പുതിയ സിനിമകൾ സംപ്രേഷണം ചെയ്യുവർക്കെതിരെ കർശനമായ നിയമ നടപടികളും സ്വീകരിച്ചു വരുന്നു. |
| സി) | ആന്റി പൈറസി സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | നിലവിലുള്ള പോരായ്മകൾ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ